(എഫ്) വേറെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ ഇത്തരം മെഷീൻ നൽകാനുള്ള സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ ഇതു സംബന്ധിച്ച് വിവരം ആരാഞ്ഞിട്ടുണ്ടോ;

(എച്ച്) ഇനിയുള്ള ഓർഡറെങ്കിലും ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന് നൽകുന്നതിനെക്കുറിച്ച് ഗവൺമെന്റ് അടിയന്തിരമായി ആലോചിക്കുമോ?

ഉത്തരം

(എ) 25-6-2004 വരെ 1365 എണ്ണം വാങ്ങിയിട്ടുണ്ട്. ഇതിന് 1.15 കോടി രൂപ വില വരുന്നു.

(ബി) കണക്കാക്കിയിട്ടുണ്ട്. 4000 എണ്ണം.

(സി) 2635 എണ്ണത്തിന് ഓർഡർ നൽകിയിട്ടുണ്ട്.

(ഡി) മൊത്തം 3.387 കോടിയുടെ ചെലവ് വരും.

(ഇ) 1. മൈക്രോ എഫ്. എക്സ്., തിരുവനന്തപുരം.

2. സോഫ്റ്റ് ലാന്റ് ഇൻഡ്യാ ലിമിറ്റഡ്, തിരുവനന്തപുരം.

(എഫ്) ഇല്ല.

(ജി) പരസ്യ ടെൻഡർ വിളിച്ചിട്ടുണ്ടായിരുന്നു. പൊതു മേഖല സ്ഥാപനങ്ങൾ പങ്കെടുത്തിരുന്നില്ല.

(എച്ച്) ഏതെങ്കിലും പൊതുമേഖലാസ്ഥാപനങ്ങൾ മേൽപ്പടി മെഷീനുകൾ സപ്ലൈ ചെയ്യാൻ തയ്യാറുണ്ടെങ്കിൽ പരിഗണിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യിൽ നിന്നും റിട്ടയർ ചെയ്തവരുടെ ആനുകൂല്യങ്ങൾ

124 [578] ശ്രീ. തമ്പാനൂർ രവി:

" കെ. പി. വിശ്വനാഥൻ:

" വി. ഡി. സതീശൻ:

" കെ. അച്ചുതൻ:

" ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിന്നും റിട്ടയർ ചെയ്തവർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ ലഭിക്കാനുണ്ട്;

(ബി) റിട്ടയർ ചെയ്ത് എത്ര നാളിനുള്ളിലാണ് റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്;

(സി) ഇപ്പോൾ ഏത് തീയതിവരെയുള്ള ആനുകൂല്യങ്ങൾ ആണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റിട്ടയർ ചെയ്തവർക്ക് മാസാ മാസമുള്ള പെൻഷന് പുറമേ, ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടു ചെയ്ത തുക, പ്രോവിഡന്റ് ഫണ്ട്, ക്ഷേമനിധി എന്നിവ ലഭിക്കും.

(ബി) മാസാ മാസമുള്ള പെൻഷൻ തുക ഉടൻ തന്നെ ലഭിക്കുന്നുണ്ട്. ബാക്കി ആനുകൂല്യങ്ങൾ ഏകദേശം മൂന്നു വർഷങ്ങൾക്കുള്ളിലാണ് ലഭിക്കുന്നത്.

(സി) 2001 ജൂലൈ മാസം വരെയുള്ളവരുടെ ആനുകൂല്യങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു.

കെ.എസ്.ആർ.ടി.സി.-യിൽ ആർ.ടി.ഒ.-മാരുടെ നിയമനം

125 [579] ശ്രീ. എം. എം. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ആർ.ടി.ഒ.-മാരെ നേരിട്ട് നിയമിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദീകരിക്കുമോ?

(ബി) ആർ.ടി.ഒ.-മാരുടെ എത്ര ഒഴിവുകളിലേയ്ക്കാണ് ഇങ്ങനെ നേരിട്ട് നിയമനം നടത്താൻ ഉദ്ദേശിക്കുന്നത്;

(സി) ഈ നിയമനം നടത്തുന്നതിന്റെ അതോറിറ്റി ആരെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ ആർ.ടി.ഒ.-മാരെ നേരിട്ട് നിയമിക്കുന്നില്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരും പുതിയ നിയമനവും

126 [580] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ നിന്നും എത്ര ജീവനക്കാരെ പിരിച്ച് വിട്ടിട്ടുണ്ടെന്നും, എത്ര ജീവനക്കാർ സസ്പെൻഷനിലായിട്ടുണ്ടെന്നും അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന സമയത്ത് കെ.എസ്.ആർ.ടി.സി.-യിൽ എത്ര സ്ഥിരം ജീവനക്കാരുണ്ടായിരുന്നെന്നും പുതുതായി എത്രപേരെ നിയമിച്ചെന്നും അറിയിക്കുമോ;

(സി) അഡ്വൈസ് മെമ്മോ നൽകിയിട്ടും നിശ്ചിത സമയ പരിധിയ്ക്ക് ശേഷവും നിയമനം ലഭിക്കാത്ത എത്ര ഉദ്യോഗാർത്ഥികൾ ഉണ്ടെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly